"ഭരണഭാഷ-മാതൃ ഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ജലവിഭവ വകുപ്പ് - വടക്കാഞ്ചേരി എം.എൽ.എ യുടെ 2015-16 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട്- തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിൽ വാഴാനി ഡാം പരിസരത്ത് "വാഴാനി കൺവെൻഷൻ സെന്റർ" നിർമ്മാണ പ്രവൃത്തിക്ക് നിരാക്ഷേപ പത്രം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജലവിഭവ (എം.പി) വകുപ്പ്**

സ.ഉ.(സാധാ) നം. 492/2024/ജവിവ തീയതി, തിരുവനന്തപുരം, 28.06.2024

---

പരാമർശം :- 1) സ.ഉ(സാധാ)നം. 658/2015/പൊ.മ.വ തീയതി 15.05.2015.
2) പദ്ധതി വിഭാഗം II ചീഫ് എഞ്ചിനീയറുടെ 06.02.2024 ലെ പി.ജി2-2647/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വടക്കാഞ്ചേരി എം.എൽ.എ യുടെ 2015-16 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിൽ വാഴാനി ഡാം പരിസരത്ത് "വാഴാനി കൺവെൻഷൻ സെന്റർ നിർമ്മാണം " എന്ന പദ്ധതിക്ക് പരാമർശം -I ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. വാഴാനി ഡാം ക്വാർട്ടേഴ്സ് പ്രദേശത്ത് കൺവെൻഷൻ സെന്റർ പണിയുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകണമെന്ന് നിരവധി അപേക്ഷകൾ ലഭിച്ചു.

പദ്ധതി വിഭാഗം -2 ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ്ഡിവിഷൻ തലപ്പിള്ളി, വാഴാനി ഇറിഗേഷൻ ഉദ്യോഗസ്ഥരും കൂടി ചേർന്ന് കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള സ്ഥലം സന്ദർശിച്ചു. ഈ സംയുക്ത സന്ദർശനത്തിൽ കൾച്ചറൽ സെന്ററിൽ നിന്നും കിഴക്കോട്ട് മാറി കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതാണ് ഉചിതമെന്ന് കണ്ടെത്തി. അതിൻപ്രകാരം 58 മീറ്റർ നീളവും 17 മീറ്റർ വീതിയും കിട്ടുന്ന തരത്തിൽ കൾച്ചറൽ സെന്ററിനും Quarters-നും ഇടയിലായി നിലവിൽ ദുർബലാവസ്ഥയിലുള്ള ഒരു Quarters പൊളിച്ചു നീക്കം ചെയ്യാമെന്നും കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ ആയതിനാൽ ആസ്തിയും ഉടമസ്ഥാവകാശവും ജലസേചന വകുപ്പിന്റെ അധീനതയിൽ നിലനിർത്തിക്കൊണ്ട് തന്നെയുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രമേ നടത്തുകയുള്ളൂ എന്നും നിർമ്മാണ ശേഷം പ്രവർത്തനവും പരിപാലനവും ഇറിഗേഷൻ വകുപ്പിൽ നിലനിർത്തിക്കൊണ്ട് കെട്ടിടം ഇറിഗേഷൻ വകുപ്പിന് കൈമാറാവുന്നതാണ് എന്ന കാര്യം രേഖാമൂലം ഉറപ്പുവരുത്തിയിട്ട് വാഴാനി ഡാം ക്വാർട്ടേഴ്സ് പ്രദേശത്ത് കൺവെൻഷൻ സെന്റർ പണിയുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം പൊതുമരാമത്ത് വകുപ്പിന് നൽകാവുന്നതാണ് എന്ന് പരാമർശം 2 പ്രകാരം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചിട്ടുള്ളതും തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിൽ വാഴാനി ഡാം പരിസരത്ത് "വാഴാനി കൺവെൻഷൻ സെന്റർ പണിയുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിരാക്ഷേപ സാക്ഷ്യപത്രം ചുവടെ ചേർക്കുന്ന നിബന്ധനയോടെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പദ്ധതി നടപ്പിലാക്കുന്ന സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലായതിനാൽ നിർമ്മാണ പ്രവൃത്തികൾക്ക ശേഷം, ആസ്തിയും ഉടമസ്ഥാവകാശവും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ നിലനിർത്തികൊണ്ടുള്ള പ്രവർത്തനവും പരിപാലനവും (OPERATION AND MAINTENANCE) നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**അശോക് കുമാർ സിംഗ് ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ , പദ്ധതി വിഭാഗം- II, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ , പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്/പൊതുമാരാമത്ത് വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ